LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി വിമല സി.യു.-ന്റെ ധനസഹായത്തിനുള്ള അപേക്ഷ

63 (4397) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അപകടമരണത്തിന് ധനസഹായം ലഭിക്കുന്നതിനായി ശ്രീമതി വിമല C.U., കുവ്വപ്പാട്ടിൽവീട്, ചൊവ്വന്നൂർ പി.ഒ., തൃശ്ശൂർ ജില്ല (തലപ്പിള്ളി താലൂക്ക്, ചൊവ്വന്നൂർ വില്ലേജ്) നൽകിയ അപേക്ഷയിൽ (1-10-2013 തീയതിയിലെ 32777/DRF/CM/2013 നമ്പർ അപേക്ഷ) നാളിതുവരെയായിട്ടും ധനസഹായം ലഭിച്ചിട്ടില്ല എന്നതു കണക്കിലെടുത്ത്, ഇവരുടെ അപേക്ഷയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് തുക അനുവദിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; അനുവദിച്ച തുക കൈവശം വേഗത്തിൽ ഇവർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രീമതി വിമല സി.യു., കുവ്വപ്പാട്ടിൽ വീട്, ചൊവ്വന്നൂർ പി.ഒ, തൃശ്ശൂർ ജില്ലയ്ക്ക് (തലപ്പിള്ളി താലൂക്ക്, ചൊവ്വന്നൂർ വില്ലേജ്) 9-7-2015-ലെ സർക്കാർ ഉത്തരവ് (സാധാ) 3583/15/റവ. ക്രമനമ്പർ 24 പ്രകാരം 1,00,000 രൂപ ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* തുടർ നടപടി സ്വീകരിക്കുന്നതിനായി ടി ഉത്തരവ് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുണ്ട്.

നദീസംയോജന പദ്ധതി

64 (4398) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീസംയോജന പദ്ധതികളുടെ ഭാഗമായി കേരളത്തിലെ ഏതൊക്കെ നദികളാണ് ഇതര സംസ്ഥാനങ്ങളിലെ നദികളുമായി കൂട്ടിയിണക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക സംസ്ഥാന സർക്കാരുകൾ ശ്രമിച്ചു വരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നദീസംയോജന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കുവാനുള്ള പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് (feasibility report) ദേശീയ ജലവികസന ഏജൻസി തയ്യാറാക്കിയിരുന്നു. അപ്രകാരം വിഭാവനം ചെയ്യപ്പെട്ട പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി നടപ്പിലാക്കണമെന്ന വാദം തമിഴ്നാട് ഉന്നയിച്ചു വരുന്നുണ്ട്. മേൽ സൂചിപ്പിച്ച പഠന റിപ്പോർട്ടിൻ പ്രകാരം; പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലമുണ്ടെന്നും അധികജലത്തിന്റെ ഇരുപത് ശതമാനമായ (20%) 634 എം.സി.എം. അളവിലുള്ള ജലം തമിഴ്നാട്ടിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന വൈപ്പാർ നദീതടത്തിലേക്ക് തിരിച്ച് വിടാൻ കഴിയുമെന്നുമാണ് ദേശീയ ജലവികസന ഏജൻസി കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഡൽഹിയിലെ ഐ.ഐ.ടി., കോഴിക്കോടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. എന്നീ വിദഗ്ധ ഏജൻസികൾ വിശദമായ പഠനം നടത്തി തയ്യാറാക്കിയ പഠന റിപ്പോർട്ടുകൾ പ്രകാരം പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലമില്ലെന്നും പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തിന് ദോഷകരമാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്ന കാര്യത്തിലുള്ള കേരളത്തിന്റെ എതിർപ്പ് സാദ്ധ്യമായ വേദികളിലെല്ലാം കാര്യകാരണസഹിതം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നത് കേരളത്തിന് ഒട്ടും ഗുണകരമല്ലെന്നുള്ള നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതിയെ പൂർണ്ണമായും എതിർക്കുന്ന കേരള സർക്കാരിന്റെ നിലപാട് ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ കാര്യകാരണ സഹിതം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്നുള്ള പ്രമേയം കേരള നിയമസഭയും പാസ്സാക്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ വിയോജിപ്പ് സാദ്ധ്യമായ വേദികളിലെല്ലാം പ്രകടിപ്പിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതിയെ ദേശീയ ജലവികസന ഏജൻസി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ദേശീയ ജലവികസന ഏജൻസിയുടെ 17-10-2014-ലെ യോഗത്തിലും 21-11-2014-ൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി വിളിച്ച് ചേർത്ത യോഗത്തിലും പങ്കെടുക്കവേ പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്ന കാര്യത്തിലുള്ള കേരളത്തിന്റെ

വിയോജിപ്പ് സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമ്മതമില്ലാതെ പ്രസ്തുത പദ്ധതിയെ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലായെന്നാണ് ദേശീയ ജലവികസന ഏജൻസി വിവിധ യോഗങ്ങളിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്.

പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ സുരക്ഷ

65 (4399) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ സുരക്ഷയുടെ കാര്യത്തിൽ കേരളവും തമിഴ്നാടും തമ്മിൽ തർക്കം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് സംയുക്ത പരിശോധന സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച കരാർ വ്യവസ്ഥ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.)യുടെ പരിധിയിൽ വരുന്ന അണക്കെട്ടുകളുടെയും മറ്റ് അനുബന്ധ നിർമ്മിതികളുടെയും സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കേരളവും തമിഴ്നാടും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്.

(ബി&സി) കേന്ദ്ര ജലകമ്മീഷന്റെ (CWC) നിയന്ത്രണത്തിൽ ദേശീയ ഡാം സുരക്ഷാ സമിതി (National Committee on Dam Safety - NCDS) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഡാം സുരക്ഷാ സമിതി (NCDS)-യുടെ നേതൃത്വത്തിൽ; മേൽ സൂചിപ്പിച്ച ഡാമുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിന് രൂപീകൃതമായ സബ് കമ്മിറ്റിയുടെ (Sub Committee on Parambikulam Aliyar System - PAPS) പ്രവർത്തനം സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നുണ്ട്. സബ് കമ്മിറ്റിയുടെ രണ്ട് മീറ്റിംഗുകളും പരിശോധനകളും മാത്രമേ നാളിതുവരെ നടന്നിട്ടുള്ളൂ. ഡാമുകളുടെ സുരക്ഷ സംബന്ധിച്ചുള്ള സബ് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ

LIBRARY ARCHIVES Kerala Legislative Assembly